"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 ലെ യോഗ തീരുമാനം - വളർത്തു നായ്ക്കൾക്ക് സൗജന്യമായി വന്ധ്യംകരണം - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.72/2023/LSGD തീയതി,തിരുവനന്തപുരം, 10-01-2023

---

പരാമർശം:-
1. സ.ഉ (സാധാ) നം. 2065/2022/തസ്വഭവ തീയതി: 23.08.2022
2. സ.ഉ (സാധാ) നം. 2244/2022/തസ്വഭവ തീയതി: 15.09.2022
3. സ.ഉ (സാധാ) നം. 2376/2022/തസ്വഭവ തീയതി: 29.09.2022
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 19.12.2022 ലെ യോഗ തീരുമാനം

## ഉത്തരവ്

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച ABC (ആനിമൽ ബർത്ത് കൺട്രോൾ) പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തുടർന്ന് സംസ്ഥാനത്ത് തെരുവു നായകളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്ന അടിയന്തര സാഹചര്യം പരിഗണിച്ച് 12.09.2022, 13.09.2022 എന്നീ തീയതികളിൽ ചേർന്ന ഉന്നതതല യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു.

കൂടാതെ പ്രസ്തുത ഉത്തരവിലെ നിർമ്മാണ നിർവ്വഹണ മേഖലകളിലെ ചുമതലകളിന്മേൽ സ്പഷ്ടീകരണം നടത്തിക്കൊണ്ട് പരാമർശം (3) ഉത്തരവ് പ്രകാരം ചില അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി 19.12.2022 ന് ചേരുകയുണ്ടായി. പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ഡോക്ടർമാരെയും സഹായികളെയും നിയമിക്കാതെ തെരുവു നായ്ക്കൾക്കുള്ള എ.ബി.സി പദ്ധതി

പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ഡോക്ടർമാരുടെയും സഹായികളുടെയും സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് വളർത്തു നായ്ക്കൾക്കും സൗജന്യമായി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർ മുഖാന്തിരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള,തിരുവനന്തപുരം.
സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
പ്രൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
തദ്ദേശ സ്വയംഭരണ (ഡി.എ/എഫ്.എം/ഐ.എ) വകുപ്പിന്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ